# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വിദേശ സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നമീബിയയിലെത്തി. നമീബിയൻ പ്രസിഡന്റുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും.
   Prime Minister Narendra Modi arrives in Namibia on the last leg of his foreign visit. The Prime Minister will hold bilateral talks with the Namibian President.

2. ഇന്ത്യയിൽ ഭീകരാക്രമണം നടത്തുന്നതിന് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ദുരുപയോഗം ചെയ്തതായി, FATF റിപ്പോർട്ട്.
   E-commerce platforms misused to carry out terror attacks in India, says FATF report

3. കേരളത്തിൽ കീം പരീക്ഷാഫലം ഹൈക്കോടതി റദ്ദാക്കി.
   Kerala High Court quashes KEAM exam results.

4. ഗോൾഡൻ വിസയെ കുറിച്ച് വ്യാപകമായി പ്രചരിക്കുന്ന ആശയക്കുഴപ്പം അകറ്റാൻ യു.എ.ഇ നീക്കം തുടങ്ങി.
   UAE moves to clear up widespread confusion over golden visa.

5. ഗുജറാത്തിലെ വഡോദരയിൽ പാലം തകർന്നുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ചു.
   Three killed as bridge collapse in Gujarat's Vadodara.

6. ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ നടക്കും.

**The fourth match in the Women's Twenty20 cricket series between India and England will be played in Manchester today**

***********************************

## PM – NAMIBIA

അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നമീബിയയുടെ തലസ്ഥാനമായ വിൻഹോക്കിൽ എത്തി. നമീബിയൻ പ്രസിഡന്റിന്റെ ക്ഷണപ്രകാരമാണ് അദ്ദേഹം എത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആദ്യ നമീബിയ സന്ദർശനമാണിത്. സന്ദർശന വേളയിൽ, നമീബിയൻ പ്രസിഡന്റുമായി പ്രധാനമന്ത്രി മോദി ഉഭയകക്ഷി ചർച്ചകൾ നടത്തും. നമീബിയയുടെ സ്ഥാപക പിതാവും ആദ്യ പ്രസിഡന്റുമായിരുന്ന സാം നുജോമയ്ക്ക് അദ്ദേഹം ആദരാഞ്ജലി അർപ്പിക്കും. ഇന്ന് വൈകുന്നേരം നമീബിയ പാർലമെന്റിൽ പ്രധാനമന്ത്രി പ്രസംഗിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

***********************************

## MEA BRIEFING BRAZIL .. INTRO

ഇന്ത്യയും ബ്രസീലും തമ്മിൽ മൂന്ന് സുപ്രധാന കരാറുകളിൽ ഒപ്പുവച്ചതായി വിദേശകാര്യ മന്ത്രാലയ സെക്രട്ടറി പി കുമരൻ. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയും തമ്മിലുള്ള ചർച്ചകളിൽ വിവിധ മേഖലകളിലെ മികച്ച രീതികൾ, സാങ്കേതിക കൈമാറ്റം എന്നിവയിൽ സഹകരണം മെച്ചപ്പെടുത്താൻ ധാരണ ആയതായും ശ്രീ.കുമരൻ പറഞ്ഞു.

(വോയ്സ്)

***********************************

## FATF – E COM TERROR

ഇന്ത്യയിൽ ഭീകരാക്രമണം നടത്തിയതുമായി ബന്ധപ്പെട്ട് ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ദുരുപയോഗം ചെയ്തതായി, സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ദൗത്യസംഘം, FATF വെളിപ്പെടുത്തി. ജമ്മു കശ്മീരിലെ പുൽവാമയിലും ഉത്തർപ്രദേശിലെ ഗോരഖ്നാഥ് ക്ഷേത്രത്തിലും നടന്ന ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് ഇത്. തീവ്രവാദ ധനസഹായ സാധ്യതകളെക്കുറിച്ചുള്ള FATF ൻറെ സമഗ്രറിപ്പോർട്ടിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്.

***********************************

## UAE-GOLDEN VISA

ഗോൾഡൻ വിസയെ കുറിച്ച് വ്യാപകമായി പ്രചരിക്കുന്ന ആശയക്കുഴപ്പം അകറ്റാൻ യു.എ.ഇ നീക്കം തുടങ്ങി. ചില രാജ്യക്കാർക്ക്, ബാഹ്യ കൺസൾട്ടൻസികൾ വഴി ആജീവനാന്ത ഗോൾഡൻ വിസ നേടാനാകുമെന്ന സമീപകാല റിപ്പോർട്ടുകൾ ഐഡന്റിറ്റി, സിറ്റിസൺഷിപ്പ്, കസ്റ്റംസ് ആൻഡ് പോർട്ട് സെക്യൂരിറ്റി എന്നിവയ്ക്കുള്ള ഫെഡറൽ അതോറിറ്റി നിഷേധിച്ചു. ഗോൾഡൻ വിസ അപേക്ഷകൾ യുഎഇയിലെ ഔദ്യോഗിക സർക്കാർ കേന്ദ്രങ്ങൾ വഴി മാത്രമായിരിക്കണം പ്രോസസ്സ് ചെയ്യേണ്ടത്. ഗോൾഡൻ വിസ ഉടമകൾക്ക് ദീർഘകാലം യുഎഇ-ൽ താമസിക്കാനും കുടുംബാംഗങ്ങളെ സ്പോൺസർ ചെയ്യാനും, ബിസിനസ് നടത്താനും ഉൾപ്പെടെ അനുവാദം നൽകുന്നു .

***********************************

## GUJARAT BRIDGE COLLAPSE

ഗുജറാത്തിലെ വഡോദര ആനന്ദ് ജില്ലകളെ ബന്ധിപ്പിക്കുന്ന ഗംഭീര-മുജ്പൂർ പാലത്തിന്റെ ഒരു ഭാഗം തകർന്നുണ്ടായ അപകടത്തിൽ മൂന്ന് പേർ മരിച്ചു.

അഞ്ചോളം വാഹനങ്ങൾ മഹിസാഗർ നദിയിലേക്ക് വീണിട്ടുണ്ട് . രാവിലെ ഗതാഗതം കൂടുതൽ ഉള്ള സമയത്താണ് അപകടം ഉണ്ടായത്. പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്. അപകടം നടക്കുമ്പോൾ നാല് വാഹനങ്ങൾ പാലത്തിൽ ഉണ്ടായിരുന്നു എന്നാണ് പ്രാഥമിക വിവരം.

***********************************

## NATIONAL STRIKE

വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിപക്ഷ ട്രേഡ് യൂണിയനുകളും സർവീസ് സംഘടനകളും പ്രഖ്യാപിച്ച 24 മണിക്കൂർ ദേശീയ പണിമുടക്ക് തുടരുന്നു. ലേബർ കോഡുകൾ പിൻവലിക്കുക, വിലക്കയറ്റം തടയുക, പൊതുമേഖലാ ഓഹരി വിൽപ്പന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം. അതേസമയം, പണിമുടക്ക് രാഷ്ട്രീയ പ്രേരിതമാണെന്ന നിലപാട് ഉയർത്തി, ബിഎംഎസ് അനുകൂല തൊഴിലാളി സംഘടനകൾ പണിമുടക്കിൽ നിന്ന് വിട്ടു നിൽക്കുകയാണ്.

***********************************

## STRIKE STATE

പണിമുടക്കിനെ തുടർന്ന് സംസ്ഥാനത്ത് ചിലയിടങ്ങളിൽ സമരാനുകൂലികൾ വാഹനങ്ങൾ തടഞ്ഞു. തമിഴ്നാട്ടിൽ നിന്നുള്ള തിരുവനന്തപുരം നാഗർകോവിൽ ബസുകൾ സർവീസ് നടത്തുന്നുണ്ട്. സ്വകാര്യ വാഹങ്ങൾക്കും തടസമില്ല. സമരാനുകൂലികൾ KSRTC സർവ്വീസുകൾ പലയിടത്തും തടഞ്ഞത് യാത്രക്കാരെ ബുദ്ധിമുട്ടിലാക്കി. ചിലയിടങ്ങളിൽ കടകളും അടപ്പിക്കുന്നുണ്ട്.

***********************************

## WB – STRIKE

പശ്ചിമ ബംഗാളിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ നേതൃത്വത്തിലുള്ള ഭാരത് ബന്ദ് തുടരുന്നു. സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നില്ലെങ്കിലും സർക്കാറിന്റെ ബസ് സർവ്വീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. ചിലയിടങ്ങളിൽ റെയിൽ ഗതാഗതം തടസ്സപ്പെട്ടതായി റിപ്പോർട്ടുണ്ട്.

***********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

***********************************

## KEAM – HIGH COURT

കേരളത്തിൽ, കീം പരീക്ഷാഫലം ഹൈക്കോടതി റദ്ദാക്കി കീമിന്റെ പരീക്ഷാഫലം ഹൈക്കോടതി റദ്ദാക്കി. പരീക്ഷയുടെ പ്രോസ്പെക്ടസ് പുറത്തിറക്കിയശേഷം വെയിറ്റേജ് മാറ്റിയത് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് നടപടി. ജസ്റ്റിസ് ഡി കെ സിങ്ങിൻറേതാണ് ഉത്തരവ്. നടപടിയിൽ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നൽകുമെന്ന് സർക്കാർ അറിയിച്ചു.

***********************************

## AMIT SHAH

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ മറ്റന്നാൾ തിരുവനന്തപുരത്ത് എത്തും. ഈ മാസം 12 ന് ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം ഉദ്ഘാടനം ചെയ്യുന്ന ശ്രീ ഷാ പുത്തരിക്കണ്ടം മൈതാനത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ബൂത്ത് ലെവൽ

നേതാക്കളെ അഭിസംബോധന ചെയ്യും. ബിജെപി സംസ്ഥാന നേതൃയോഗത്തിലും അദ്ദേഹം പങ്കെടുക്കും.

*********************************************

## JANAKI – HIGH COURT

ജാനകി വേഴ്സസ് സ്റ്റേറ്റ് ഓഫ് കേരള സിനിമയ്ക്ക് രണ്ട് മാറ്റങ്ങളോടെ പ്രദർശനാനുമതി നൽകാമെന്ന് സെൻസർ ബോർഡ് ഹൈക്കോടതിയെ അറിയിച്ചു. സിനിമയുടെ പേരിലെ 'ജാനകി' എന്നതിന് പകരം ജാനകി.വി അല്ലെങ്കിൽ വി.ജാനകി എന്നു മാറ്റണമെന്നാണ് ബോർഡിൻറെ ആവശ്യം. ഉച്ചയ്ക്ക് വാദം പുനരാരംഭിക്കും.

*********************************************

## TOURISM – KOZHIKODE – INTRO

കേരളത്തിൽ , കോഴിക്കോട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾ കൂട്ടിയോജിപ്പിച്ച് ഓഗ്മെന്റഡ് റിയാലിറ്റി ഇന്ററാക്ടീവ് തീമാറ്റിക് ടൂറിസം മാപ്പ് തയ്യാറായി. കോഴിക്കോടെത്തുന്ന വിനോദസഞ്ചാരികൾക്ക് ഒരു ദിവസം എന്തൊക്കെ കാണാം എവിടെ, എങ്ങനെ പോകാം എന്നൊക്കെ എളുപ്പം മനസ്സിലാകാവുന്ന തരത്തിലാണ് മാപ്പ് തയ്യാറാക്കിയിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു........**

(വോയ്സ്)

*********************************************

## TRUMP–NETANYAHU TALKS

ഹമാസിന്റെ സൈനിക ശേഷി ഇല്ലാതാക്കുക എന്നതിൽ ഉറച്ചു നിൽക്കുന്നതായി ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ

നെതന്യാഹു. ഗാസയിൽ തടവിലാക്കപ്പെട്ട ബന്ദികളെ മോചിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി താൻ കൂടിക്കാഴ്ച നടത്തിയതെന്നും നെതന്യാഹു പറഞ്ഞു. ഇറാനെതിരെ ഇസ്രായേൽ നേടിയ യുദ്ധ വിജയത്തിന്റെ അനന്തരഫലങ്ങലും സാധ്യതകളും ചർച്ച ചെയ്യതായും അദ്ദേഹം പറഞ്ഞു.

***********************************

## WOMENS T20 INTERNATIONAL

ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് മാഞ്ചസ്റ്ററിൽ നടക്കും. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ നിലവിൽ 2–1ന് മുന്നിലാണ്. പരമ്പരയിലെ അവസാന മത്സരം ഈ മാസം 12 ന് ബിർമിങ്ഹാമിൽ നടക്കും. അതേസമയം, ഇന്ത്യ- ഇംഗ്ലണ്ട് പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് നാളെ വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും.

***********************************

## WIMBLEDON 2025

ടെന്നീസിൽ, ലോക ഒന്നാംനമ്പർ താരം അരിന സബലെങ്ക വിംബിൾഡൺ വനിതാ സിംഗിൾസ് സെമിഫൈനലിൽ സ്ഥാനം ഉറപ്പിച്ചു. നാളെ നടക്കുന്ന സെമിഫൈനലിൽ സബലെങ്ക അമേരിക്കൻ താരം അമാൻഡ അനിസിമോവയെ നേരിടും.

***********************************

## RAIN

കേരളത്തിൽ ഒറ്റപ്പെട്ട മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മോശം കാലാവസ്ഥ

കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

***********************************

## IMD

ഛത്തീസ്ഗഢ്, കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര, മധ്യപ്രദേശ്, വിദർഭ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് കനത്ത മഴ പെയ്യുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. രാജ്യത്തിന്റെ വടക്കു പടിഞ്ഞാറ് വടക്കുകിഴക്ക് , തെക്കൻ ഭാഗങ്ങളിൽ ഒറ്റപ്പെട്ട കനത്ത മഴ പെയ്യാനും സാധ്യതയുണ്ട് .

***********************************

## NIMISHA PRIYA

യമനിലെ മലയാളി നേഴ്സ് നിമിഷ പ്രിയയുടെ വധശിക്ഷയുമായി ബന്ധപ്പെട്ട വിഷയം നിരീക്ഷിച്ച് വരുന്നതായി ഉന്നത വൃത്തങ്ങൾ. നിമിഷപ്രിയയെ ഈ മാസം 16ന് വധശിക്ഷയ്ക്ക് വിധേയയാക്കുമെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിലാണ് പ്രതികരണം. യെമൻ പൗരനെ കൊലപ്പെടുത്തിയ കേസിലാണ് യെമനിലെ പരമോന്നത കോടതി നിമിഷപ്രിയക്ക് ശിക്ഷ വിധിച്ചത്.

***********************************

## KAILASH MANSAROVAR YATRA

സിക്കിമിലെ നാഥുല തുരങ്കം വഴി കൈലാസ് മാനസ സരോവർ യാത്ര നടത്തുന്ന അഞ്ചാംസംഘം ഇന്ന് ഡൽഹിയിൽ നിന്ന് പുറപ്പെടും. 42 യാത്രികരും രണ്ട് ലെയ്സൺ ഓഫീസർമാരും ഒരു ഡോക്ടറും ഉൾപ്പെടെ 49 പേരാണ് സംഘത്തിലുള്ളത്.

***********************************

## TEXAS FLOOD-DEATH TOLL

യുഎസിലെ ടെക്സസിൽ ഉണ്ടായ മിന്നൽ പ്രളയത്തിൽ മരണ സംഖ്യ 109 ആയി . ഗ്വാഡലൂപ്പ് നദിക്കരയിൽ കാണാതായ 160 ലധികം പേർക്കായുള്ള തെരച്ചിൽ ഇപ്പോഴും തുടരുകയാണ് .

*****************************************

## NIPAH - KERALA

നിപ വ്യാപനത്തിനെതിരെ ജാഗ്രത തുടർന്ന് സംസ്ഥാനം. നിപ സ്ഥിരീകരിച്ച പാലക്കാട് സ്വദേശിനി കോഴിക്കോട് ഐസിയുവിൽ ചികിത്സയിലാണ്. നിലവിൽ 485 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉള്ളത്. മലപ്പുറം ജില്ലയിൽ 192 പേരും കോഴിക്കോട് 114 പേരും പാലക്കാട് 176 പേരും എറണാകുളത്ത് 2 പേരും, കണ്ണൂരിൽ ഒരാളുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

*****************************************

## PUNJAB-TERROR PLOT

പഞ്ചാബിൽ, പാകിസ്ഥാൻ ആസ്ഥാനമായുള്ള ബബ്ബർ ഖൽസ ഇന്റർനാഷണൽ എന്ന സംഘടന ആസൂത്രണം ചെയ്ത ഭീകരാക്രമണ പദ്ധതി പഞ്ചാബ് പോലീസിന്റെ ആന്റി-ഗ്യാങ്സ്റ്റർ ടാസ്ക് ഫോഴ്സ് പരാജയപ്പെടുത്തി. രഹസ്യാന്വേഷണ വിഭാഗത്തിന്റെ അന്വേഷണത്തിൽ തീവ്രവാദികളുടെ ഹാർഡ്‌വെയർ ശേഖരം കണ്ടെടുത്തതായി പഞ്ചാബ് പോലീസ് മേധാവി അറിയിച്ചു.

*************************************************************************************

*******************